17

# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3302 — 09.04.2013 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

### അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി; | (എ) | സർക്കാർ ഉത്തരവ് (എം.എസ്.) നം. 292/2012/പൊ.വി. തീയതി 29.09.2012 പ്രകാരം 11 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്. |
| (ബി) | എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകി; | (ബി) | 1) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്ക്കൂളിൽ പ്രവർത്തിച്ചുവരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് എൽ.പി. വിഭാഗത്തിന് കോട്ടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് 25.07.12 - ലെ സ.ഉ.(കൈ)242/12/പൊവി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>2) കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന് 1949/2009 നമ്പർ റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 18.01.2012 - ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.8.2012 - ലെ സ.ഉ. (സാധാ.) 3940/12/പൊ.വി നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>3) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂളിന് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ |

18.08.2010 ലെ ഡബ്ല്യു.എ. നമ്പർ 896/2010 കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.06.2011 - ലെ സ.ഉ. (സാധാ.) 2181/2011/ പൊ.വി.വ. നമ്പർ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

4) മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിലെ എൽ.പി., എച്ച്.എസ്. വിഭാഗങ്ങൾക്ക് അംഗീകാരമുള്ളതിനാൽ പ്രസ്തുത സ്ക്കൂളിലെ യു.പി. വിഭാഗത്തിന് 21.5.2012 - ലെ സ.ഉ. (സാധാ.) 2341/12/പൊവി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരടക്കം എത്ര പേർക്ക് സർക്കാർ ശമ്പളം നൽകുന്നു; ഇതിനായി മൊത്തം എത്ര തുക ചെലവായി; ഇപ്രകാരം ഒരു നടപടി എടുക്കുവാനുള്ള കാരണം എന്താണ്?

(സി) വിദ്യാഭ്യാസപരമായി പിന്നാക്കാവസ്ഥയിലുള്ള സ്ഥലങ്ങളുടെ ഉന്നമനത്തിനുവേണ്ടി 1995 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച ഒരു പുതിയ പദ്ധതിയാണ് ഏരിയാ ഇന്റൻസീവ് പ്രോഗ്രാം. ആയതു പ്രകാരം സംസ്ഥാനത്ത് 27 അൺ എയ്ഡഡ് സ്കൂളുകളിലെ 173 ജീവനക്കാർക്ക് സർക്കാർ ശമ്പളം നൽകി വരുന്നു. ഈ സ്കീമിലെ കൊടുവള്ളി എൽ.പി.എസിലെ 7 അദ്ധ്യാപകർക്ക് സർക്കാരിൽ നിന്നല്ല ശമ്പളം നൽകുന്നത്. ഈയിനത്തിൽ ആകെ ചെലവായ തുക സംബന്ധിച്ച വിവരം ഇനി പറയും പ്രകാരമാണ്.

| | | |
|---|---|---|
| മലപ്പുറം | - | 14,90,70,929/- രൂപ |
| പാലക്കാട് | - | 1,62,65,022/- രൂപ |
| വയനാട് | - | 58,46,474/- രൂപ |
| കാസർഗോഡ് | - | 59,04,059/- രൂപ |
| കോഴിക്കോട് | - | 89,90,028/- രൂപ |
| ആകെ | | 18.60,76,512/- |

==================

സെക്ഷൻ ഓഫീസർ